**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3636** **05-08-2021 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ .ഡി .പ്രസേനൻ** | | **Shri. K. Krishnankutty (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ എത്ര പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ 1375 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (ബി) | ഈ മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ഇനി കണക്ഷൻ നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ആലത്തൂർ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീ കരണത്തിനായി അപേക്ഷ ലഭിച്ചതിൽ വനം വകുപ്പിന്റെ സാങ്കേതിക അനുമതി ആവശ്യമുള്ള 96 അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുവാനുണ്ട്. വനം വകുപ്പിന്റെ അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് ഈ അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതാണ്. |
| (സി) | മണ്ഡലത്തിലെ വൈദ്യുതി പ്രസരണ രംഗം ശക്തിപ്പെടുത്തുന്നതിനും ലൈൻ നീട്ടുന്നതിനും ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടുന്നതിനും അനുവദിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | പ്രസരണ രംഗം ശക്തിപ്പെടുത്തുന്നതിനായി ആലത്തൂർ മണ്ഡലത്തിലെ 66 കെ.വി കണ്ണമ്പുള്ളി സബ്സ്റ്റേഷനും അതിനോടനുബന്ധിച്ചുള്ള ലൈനും 110 കെ.വി ആയി ഉയർത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ